**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി 22750/ 18, 25784/ 18 എന്നീ റിട്ട് പെറ്റീഷനുകളിൻമേൽ 15-01-2019 ൽ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവ് പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ ) നം.113/ 2019/ ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം:21/1/2019.

പരാമർശം:
1) 08.1.2010 ലെ 57850/ ആർസി4/ 2008/ തസ്വഭവ നമ്പർ പരിപത്രം
2) 25/ 10/ 2013 ലെ 71806/ ആർസി2/ 2013/ തസ്വഭവ നമ്പർ പരിപത്രം
3) 07.03.2018 ലെ 41/ ആർസി2/ 2018/ ത.സ്വ.ഭ.വ നമ്പർ പരിപത്രം.
4) 22750/ 18, 25784/ 18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച പൊതു ഉത്തരവുകൾ.
5) 06.10.2018 ലെ ആർസി2/ 41/ 2018/ ത.സ്വ.ഭ.വ നമ്പർ പരിപത്രം
6) 22750/ 18, 25784/ 18 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.
7) 26.10.2018 ലെ സ.ഉ(സാധാ)നം.2733/ 2018/ തസ്വഭവ
8) 22750/ 18, 25784/ 18 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി 15-01-2019 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ / ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ സ്ഥാപിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് നിയന്ത്രിക്കുന്നതിനായി പരസ്യ ബോർഡുകൾ / ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ സ്ഥാപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ എടുത്തുമാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയും പരാമർശം (1), (2), (3) പ്രകാരം സർക്കാർ പരിപത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

(2) പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയാൻ നിർദ്ദേശിച്ച് ബഹു. ഹൈക്കോടതി പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ട് പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ സ്ഥാപിക്കുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ സമയബന്ധിതമായി എടുത്തുമാറ്റാൻ കർശന നിർദ്ദേശം നൽകിയും കോടതിവിധി കർശനമായി പാലിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയും പരാമർശം (5) പ്രകാരവും പരിപത്രം പുറപ്പെടുവിച്ചിരുന്നു.

(3) പരാമർശം (5) ലെ പരിപത്രത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ കോടതി ഉത്തരവ് പാലിച്ചുകൊണ്ട് പഞ്ചായത്ത് മേഖലയിൽ നിന്നും 129972 എണ്ണം അനധികൃത ബോർഡുകൾ നീക്കം ചെയ്യുകയും 23302 രൂപ പിഴ ഈടാക്കുകയും നഗരസഭാ പരിധിയിൽ നിന്നും 115670 എണ്ണം അനധികൃത ബോർഡുകൾ നീക്കം ചെയ്യുകയും 736705 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

(4) ബഹു.ഹൈക്കോടതി 22750/18, 25784/18 എന്നീ റിട്ട് പെറ്റീഷനുകളിൻമേൽ പുറപ്പെടുവിച്ച പരാമർശം (8) ലെ പൊതു ഉത്തരവിൽ, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചിരുന്നെങ്കിലും അടുത്തസമയത്തായി അനധികൃതമായ പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ വീണ്ടും വളരെയധികം വർദ്ധിച്ചതായി വിലയിരുത്തുകയും അവ നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(5) പരാമർശം 8 ലെ ബഹു.ഹൈക്കോടതി ഉത്തരവിലുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പരാമർശം (5) ലെ പരിപത്രത്തിൽ പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും കൊടികളും ഏഴ് ദിവസത്തിനുള്ളിൽ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി, പഞ്ചായത്ത് ഡയറക്ടറേറ്റിലും നഗരകാര്യ ഡയറക്ടറേറ്റിലും ചുമതലയേൽപ്പിച്ചിട്ടുള്ള നോഡൽ ഓഫീസർമാർ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിലെ പുരോഗതി ദിവസേന വിലയിരുത്തേണ്ടതും 10 ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിൽ ഏതെങ്കിലും

തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ചസംഭവിക്കുകയാണെങ്കിൽ ആയത് ഗൗരവമായിക്കണ്ട് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം).
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി ( ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി ( ആമുഖ കത്ത് സഹിതം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ